# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 45 — 24.01.2018 -ൽ മറുപടിക്ക്

## ഉത്തരവാദിത്ത ടൂറിസം മിഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ബാബു<br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. കാരാട്ട് റസാഖ്<br>ശ്രീ. കെ. കുഞ്ഞിരാമൻ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ) |

എ) സംസ്ഥാനത്ത് ഉത്തരവാദിത്ത ടൂറിസം മിഷൻ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

എ) ഉണ്ട്. ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ച് കഴിഞ്ഞു.

ബി) എങ്കിൽ എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

ബി) സംസ്ഥാനത്ത് ഏതാനും കേന്ദ്രങ്ങളിൽ മാത്രമായി നടന്നു വന്നിരുന്ന ഉത്തരവാദിത്ത ടൂറിസം പദ്ധതി സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കുക എന്നതാണ് ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രധാന ലക്ഷ്യം. ഇതുവഴി ടൂറിസത്തിന്റെ ഗുണഫലങ്ങൾ പരമാവധി തദ്ദേശ വാസികൾക്ക് ലഭ്യമാക്കാനും ദോഷഫലങ്ങൾ പരമാവധി കുറയ്ക്കാനും ലക്ഷ്യമിടുന്നു. ജനകീയവും ഉത്തരവാദിത്ത പൂർണ്ണവും സുസ്ഥിരവുമായ ടൂറിസം വികസനമെന്ന കാഴ്ചപ്പാടിലേയ്ക്ക് നാടിനെ നയിയ്ക്കുക എന്ന ലക്ഷ്യത്തോടെയാണ് ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനം. ഇതിന്റെ ഭാഗമായി 5 വർഷം കൊണ്ട് 1,00,000 പേർക്ക് വിവിധ മേഖലകളിൽ തൊഴിൽ ലഭ്യമാക്കാനാണുദ്ദേശിക്കുന്നത്. കൃഷി, ഉല്പാദനം, വിപണനം, പരമ്പരാഗത ഉല്പന്നങ്ങളുടെ ടൂറിസം മേഖലയിലെ വിപണനം, കരകൗശല വസ്തുക്കളുടെ ഉത്പാദന വിപണനം, സുവനീർ ഉത്പാദന വിപണനം, അക്കൂസബിൾ ടൂറിസം പാക്കേജുകളുടെ രൂപീകരണം, വിപണനം, ടൂറിസം റിസോഴ്സ് മാപ്പിംഗ്, ടൂറിസം റിസോഴ്സ് ഡയറക്ടറിയുടെ പ്രസിദ്ധീകരണം, കൾച്ചറൽ പാക്കേജുകൾ, വേസ്റ്റ് മാനേജ്മെന്റിനായി ടൂറിസം കേന്ദ്രങ്ങളിലെ നിർമ്മാണവും ഇതര

സ്ഥിര സംവിധാനങ്ങളുടെ മേൽനോട്ടവും, ഉല്പന്ന വിപണന സംവിധാനത്തിനായി ഉത്തരവാദിത്ത ടൂറിസം നെറ്റ് വർക്ക്, കൾച്ചറൽ ഫോറം, ടൂറിസം മേഖലകളിലെ തൊഴിലുകൾക്ക് ആവശ്യമായ ജീവനക്കാരെ ലഭ്യമാക്കുന്നതിനായി ആർ.ടി. ഹ്യൂമൻ റിസോർഴ്സ് ഡയറക്ടറി, ഇതിനായുള്ള മൊബൈൽ ആപ്പുകൾ, ഓൺ ലൈൻ പ്ലാറ്റ് ഫോമുകൾ എന്നിവയിലൂടെ തൊഴിൽ ലഭ്യമാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇതിനായി അവലോകന ബോധവല്കരണ ശിൽപ്പശാലകളും ജനകീയ പങ്കാളിത്തത്തോടെയുള്ള ടൂറിസം ആസൂത്രണത്തിനായുള്ള പ്രവർത്തനങ്ങളും രൂപപ്പെടുത്തും. മാനവവിഭവ ശേഷി വികസിപ്പിക്കുന്നതിനായി കുറഞ്ഞത് 50,000 പേർക്കു തൊഴിൽ പരിശീലനം നൽകുന്നതാണ്. ഉത്തരവാദിത്ത പൂർണമായ ടൂറിസം സംസ്കാരം വളർത്തിക്കൊണ്ട് വരുന്നതിനായി ടൂറിസം ക്ലബ്ബുകളെ പ്രയോജനപ്പെടുത്തുന്നതാണ്. എല്ലാ ടൂറിസം അക്കൊമൊഡേഷൻ യൂണിറ്റുകൾക്കും ഉത്തരവാദിത്ത ടൂറിസം ക്ലാസിഫിക്കേഷൻ പദ്ധതിയും പ്രാദേശിക ഉൽപ്പന്നങ്ങളുടെയും നാടൻ കലകളുടെയും വിപണനവും പ്രോൽസാഹനവും ഉത്തരവാദിത്ത ടൂറിസം മിഷനിലൂടെ കൈവരിക്കുന്നതാണ്. നാടൻ കളികളെ പ്രോൽസാഹിപ്പിച്ചും പൈതൃകം നിലനിർത്തിയും എല്ലാ വിഭാഗത്തിൽപ്പെട്ട ജനങ്ങൾക്കും ടൂറിസം മേഖലയിൽ അവസരം ഉറപ്പാക്കുകയും പരിസ്ഥിതി സൗഹൃദ ടൂറിസം പ്രോൽസാഹിപ്പിക്കുകയും മിഷന്റെ ലക്ഷ്യങ്ങളാണ്. ഇതുവഴി കല, സാംസ്കാരികപാരമ്പര്യം, തനിമ എന്നിവ നിലനിർത്തുന്നതിനോടൊപ്പം കൂടുതൽ തൊഴിലവസരവും സൃഷ്ടിക്കപ്പെടുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഭിന്നശേഷി സൗഹൃദ ടൂറിസം കേന്ദ്രമായി കേരളത്തെ മാറ്റുക, ഹോംസ്റ്റേ, ഫാം സ്റ്റേ എന്നിവ പ്രോൽസാഹിപ്പിക്കുക എന്നിവയും മിഷന്റെ ലക്ഷ്യങ്ങളാണ്.

(സി) ഭിന്നശേഷിക്കാർ, വനിതകൾ, പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗക്കാർ, ഭിന്നലിംഗക്കാർ എന്നിവർക്ക് മെച്ചപ്പെട്ട

(സി) കേരളത്തിൽ ഭിന്നശേഷി സൗഹൃദ ടൂറിസം പ്രോൽസാഹിപ്പിക്കുന്നതിന് ഉത്തരവാദിത്ത ടൂറിസം മിഷന് ചുമതലയുണ്ട്. ഇതിന്റെ ഭാഗമായി വിവിധ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതിനായുള്ള

അവസരങ്ങൾ ലഭിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

പ്രവർത്തനങ്ങൾ നടന്നു വരികയാണ്. ഭിന്നശേഷിക്കാരായവരുടെ വിവിധ ഉൽപ്പന്നങ്ങൾ ടൂറിസം മേഖലയിൽ വിപണനം നടത്തി വരുമാനം ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ മിഷൻ ആവിഷ്കരിച്ചിട്ടുണ്ട്. വനിതകൾ, പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗക്കാർ, ഭിന്നലിംഗക്കാർ എന്നിവർക്ക് മെച്ചപ്പെട്ട അവസരങ്ങൾ ലഭിക്കുന്നതിന് വേണ്ടി വിവിധ പരിശീലന പരിപാടികൾ മിഷൻ ആരംഭിച്ചിട്ടുണ്ട്. ഈ വിഭാഗത്തിൽപ്പെട്ടവരുടെ കലാ പരിപാടികൾ, സോവനീറുകൾ, മറ്റിതര ഉൽപ്പന്നങ്ങളുടെ വിപണനം ഉറപ്പ് വരുത്തുക എന്നിവ മിഷന്റെ ചുമതലയാണ്. അതിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.

ഡി) ഈ മേഖലയിൽ കൂടുതൽ ജനകീയ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം നടപടികൾ ആണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഡി) ഉത്തരവാദിത്ത ടൂറിസം മിഷൻ ഇപ്പോൾ ആവിഷ്കരിച്ച് നടപ്പാക്കുന്ന പെപ്പർ ടൂറിസം പദ്ധതി കൂടുതൽ ജനകീയ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനായുള്ള പദ്ധതിയാണ്. ഇതിന് പുറമേ കേരളത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷന്റെ നേതൃത്വത്തിൽ 1000 സ്പെഷ്യൽ ടൂറിസം ഗ്രാമസഭകൾ നടത്തുന്നതാണ്. 1000 പ്രാദേശിക റിസോർസ് പേഴ്സൺമാരെയും ഇതിന്റെ ഭാഗമാക്കുന്നതാണ്. ഇതിന് പുറമേ ഉത്തരവാദിത്ത ടൂറിസം പദ്ധതി കേരളത്തിൽ ആരംഭിച്ചപ്പോൾ ഉണ്ടായിരുന്ന എല്ലാ പ്രാദേശിക ഉത്തരവാദിത്ത ടൂറിസം കമ്മിറ്റികളും പുനരുജ്ജീവിപ്പിക്കുന്നതുമാണ്.

സെക്ഷൻ ഓഫീസർ.